**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3787** **12-03-2025 - ൽ മറുപടിയ്ക്ക്**

**സിദ്ധാർത്ഥിന്റെ കുടുംബത്തിന് സാമ്പത്തിക സഹായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. സിദ്ദിഖ് | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | കുസാറ്റിൽ എഞ്ചിനീയറിങ് വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ നടന്ന ഗാനസന്ധ്യയിലെ തിരക്കിൽപ്പെട്ട് മരണപ്പെട്ട നാല് വിദ്യാർത്ഥികളുടെ കുടുംബങ്ങൾക്ക് സാമ്പത്തിക സഹായം അനുവദിച്ചതിന് സമാനമായി പൂക്കോട് വെറ്ററിനറി കോളേജിൽ റാഗിംഗിനെത്തുടർന്ന് മരണപ്പെട്ട ജെ.എസ്. സിദ്ധാർത്ഥിന്റെ കുടുംബത്തിന് സാമ്പത്തികസഹായം നൽകിയോ എന്ന് വിശദമാക്കാമോ? | (എ) | പൂക്കോട് വെറ്ററിനറി കോളേജ് ഹോസ്റ്റലിൽ മരണപ്പെട്ട സിദ്ധാർഥൻ ജെ. എസിന്റെ കുടുംബത്തിന് കേരള വെറ്ററിനറി ആൻഡ് അനിമൽ സയൻസസ് സർവ്വകലാശാലയിൽ നിന്ന് സാമ്പത്തിക സഹായം അനുവദിച്ചിട്ടില്ല.<br><br>സിദ്ധാർത്ഥൻ ജെ.എസ് മരണപ്പെട്ട സംഭവത്തിൽ നഷ്ടപരിഹാരം അനുവദിക്കുന്നത് സംബന്ധിച്ച് ദേശീയ മനുഷ്യാവകാശ കമ്മീഷൻ നൽകിയ ശിപാർശയിന്മേൽ സർവ്വകലാശാല സമർപ്പിച്ച റിപ്പോർട്ട് സർക്കാർ പരിശോധിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ